# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 999 — 13/06/2013 ൽ മറുപടിക്ക്

## കുട്ടികളുടെ പഠന നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവയുടെ വിജയശതമാനം കുറഞ്ഞുപോകാതെ നിലനിർത്തുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; തൽഫലമായിട്ടാണോ വിജയശതമാനം താഴാതെ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നു. എസ്.എസ്.എൽ.സി . പരീക്ഷയിൽ ഏറെ പിന്നോക്കം പോയ 111 സ്കൂളുകളെ കണ്ടെത്തി ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുകയും ഒരുക്കം എന്നപേരിൽ പഠന സഹായികൾ വിതരണം ചെയ്യുകയും അദ്ധ്യാപക ശാക്തീകരണം നടത്തി മൂല്യനിർണയ സോഴ്സ് ബുക്കുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പരീക്ഷാ പരിശീലനം നൽകിയിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ വിജയശതമാനം താഴാതെ നിലനിർത്താൻ സഹായിച്ചു. |
| ബി) | ഉയർന്ന വിജയശതമാനം പഠനനിലവാരം ഉയർന്നതിന്റെ തെളിവാണെന്ന് അവകാശപ്പെടുന്നതിന് ന്യായീകരണങ്ങളുണ്ടോ; സർക്കാർ ഈ വിഷയം പഠനവിധേയമാക്കിയിട്ടുണ്ടോ; | ബി) | അക്കാഡമിക നിലവാരം ഉയരുന്നതിന്റെ അടിസ്ഥാനത്തിൽ വിജയശതമാനം ഉയരുന്നത് സ്വാഭാവിക പ്രക്രിയയാണ്. എന്നാൽ ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| സി) | കുട്ടികൾ ഏതു വിഷയങ്ങളിലാണ് കൂടുതൽ മികവുനേടുന്നതെന്നും ഏതേതു വിഷയങ്ങളിലാണ് അവർക്ക് താല്പര്യം കുറവെന്നും കണ്ടെത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | സി) | 2013 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാഫലം അവലോകനം ചെയ്തതിൽ ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറിൽ ഏറ്റവും കൂടുതൽ കുട്ടികൾ എ+ |

കരസ്ഥമാക്കി. എന്നാൽ ഏറ്റവും കുറവ് എ+ കരസ്ഥമാക്കിയത് ഗണിതത്തിനാണ്.

ഡി) കേരളീയരായ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ എന്തൊക്കെ പദ്ധതികളാണ് സ്കൂൾതലത്തിൽ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഡി) നിലവിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൃത്യമായ അദ്ധ്യാപക പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ 'തൽസ്ഥല പിന്തുണാ സംവിധാനം', 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്നീ പദ്ധതികൾ അക്കാഡമികതല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്നു. കൂടാതെ കണ്ടിന്യൂയിംഗ് ഇവാലേഷൻ ശക്തിപ്പെടുത്തുവാനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ